പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2194 16.08. 2017 ൽ മറുപടിക്ക്

**കെ.എസ്.ഇ.ബി.യിൽ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തിക**

ചോദ്യം

ശ്രീ.എ.എം.ആരിഫ്

ഉത്തരം

ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി. യിൽ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണ് ഉള്ളത് എന്ന് വ്യക്തമാക്കാമോ;<br>(ബി) ഈ ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് വിശദമാക്കാമോ; | (എ) &(ബി) വൈദ്യുതി ബോർഡിൽ നടപ്പാക്കിയിട്ടുള്ള കമ്പ്യൂട്ടർ അധിഷ്ഠിത ബില്ലിംഗ് അടക്കമുള്ള ആധുനിക വൽക്കരണ നടപടികളുടെയും PDA അടക്കമുള്ള ബില്ലിംഗ് സംവിധാനങ്ങളുടെയും ഭാഗമായി ജീവനക്കാരുടെ ജോലി ഭാരത്തിൽ വലിയ വ്യത്യാസം ഉണ്ടായിട്ടുണ്ട്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് വിവിധ വിഭാഗം ജീവനക്കാരുടെ സേവനം ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ നടക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിലേ കാഷ്യർ/ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ എത്ര ജീവനക്കാർ ആവശ്യമുണ്ടാക എന്നത് തിട്ടപ്പെടുത്താൻ കഴിയൂ. അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഒഴിവുകൾ കണ്ടെത്താൻ കഴിയുകയുള്ളൂ. മേൽ നടപടിയുടെ ബാഗമായി ഒഴിവുകൾ കണ്ടെത്തുന്ന മുറയ്ക്ക് P.S.C-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. നിലവിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (സി) ജൂനിയർ അസിസ്റ്റന്റ്/ കാഷ്യർ തസ്തികയിൽ 2015-16, 2016-17 വർഷങ്ങളിൽ എത്ര ഒഴിവുകളാണ് പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തത് എന്ന് വ്യക്തമാക്കാമോ; | (സി) 2015-16- ഇല്ല<br>2016-17-3NJD ഒഴിവുകൾ (2 NJD PH) |
| (ഡി) ഒഴിവുള്ള തസ്തികകളിലേയ്ക്ക് അടിയന്തരമായി നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ? | (ഡി) മേൽ നടപടികൾ പ്രകാരം കണ്ടെത്തുന്ന ഒഴിവുകൾ കണ്ടെത്തുന്ന മുറയ്ക്ക് PSC യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ.